(ബി) ഉണ്ട്. കേന്ദ്രഗവൺമെന്റ് നിർദ്ദേശിച്ച പ്രകാരം ഭേദഗതി ചെയ്ത് തയ്യാറാക്കിയ പദ്ധതി പരിശോധിച്ചു വരുന്നു.

ഫിഷറീസ് വകുപ്പിന്റെ പതിനായിരം വീട് പദ്ധതി

491 [887] ശ്രീ. എം.എം. ഹസ്സൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഫിഷറീസ് വകുപ്പിന്റെ പതിനായിരം വീട് പദ്ധതിയനുസരിച്ച് തുടക്കംകുറിച്ച പണി തീരാത്ത വീടുകൾ പൂർത്തിയാക്കാൻ നടപടി സ്വീകരിക്കുമോ;

(ബി) ഇനി എത്ര വീടുകൾ പൂർത്തിയാക്കാനുണ്ട്;

(സി) അവർക്ക് മുഴുവൻ വായ്പ തുകയും ഉടൻ വിതരണം ചെയ്യുമോ?

ഉത്തരം

(എ) നടപടി സ്വീകരിച്ചു വരികയാണ്.

(ബി) ഒന്നാംഘട്ടത്തിലെ 313 വീടുകളും രണ്ടാം ഘട്ടത്തിലെ 3248 വീടുകളും പൂർത്തിയാക്കാനുണ്ട്.

(സി) വായ്പത്തുക താമസംവിനാ വിതരണം ചെയ്യുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

ഫിഷിംഗ് ബോട്ടുകൾ

492 [888] ശ്രീ. എ.സി. ഷൺമുഖദാസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) എത്ര ഫിഷിംഗ് ബോട്ടുകൾ ഈ സംസ്ഥാനത്ത് രജിസ്റ്റർ ചെയ്തിട്ടുണ്ട്;

(ബി) ഈ ബോട്ടുകളുടെ മത്സ്യബന്ധന ഏർപ്പാടുകൾ പരിശോധിക്കുവാൻ വല്ല സംവിധാനവും നിലവിലുണ്ടോ;

(സി) ഉണ്ടെങ്കിൽ എന്തൊക്കെയെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) 1980–ലെ കേരളാ മത്സ്യബന്ധന ക്രമീകരണ ആക്ട് പ്രകാരം 2846 യന്ത്രവൽകൃത ബോട്ടുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി, സി) ഉണ്ട്. യന്ത്രവൽക്കൃത ബോട്ടുകൾ നിയമം ലംഘിച്ച് മത്സ്യബന്ധനം നടത്തുന്നുണ്ടോ എന്ന് പരിശോധിക്കുന്നതിനുവേണ്ടി ഫിഷറീസ് വകുപ്പിൽ ഐ.പി.എസ്. കേഡറിലുള്ള ഒരു ഉദ്യോഗസ്ഥന്റെ കീഴിൽ സ്പെഷ്യൽ സെൽ പ്രവർത്തിക്കുന്നുണ്ട്. കടലിലെ പരിശോധനയ്ക്കായി മൂന്ന് സ്പീഡ് ബോട്ടുകളും

LIBRARY ARCHIVES Kerala Legislative Assembly